# Official Spokesperson's response to a media query regarding abduction of Sikh community leader in Paktia, Afghanistan

June 22, 2020

---

## അഫ്ഘാനിസ്ഥാനിലെ പാക്തിയയിൽ സിഖ് വിഭാഗം തലവനെ തട്ടികൊണ്ടുപോയത് സംബന്ധിച്ചുള്ള മാധ്യമ അന്വേഷണങ്ങളിൽ ഔദ്യോഗിക വക്താവിന്റെ പ്രതികരണം

**ജൂൺ** 22, 2020

അഫ്ഘാനിസ്ഥാനിലെ പാക്തിയയിൽ സിഖ് വിഭാഗം തലവനെ തട്ടികൊണ്ടുപോയത് സംബന്ധിച്ചുള്ള മാധ്യമ അന്വേഷണങ്ങളിൽ ഔദ്യോഗിക വക്താവ് ശ്രീ.അനുരാഗ് ശ്രീവാസ്തവയുടെ പ്രതികരണം ഇപ്രകാരമായിരുന്നു.

"അഫ്ഘാനിസ്ഥാനിലെ ഹിന്ദു സിഖ് വിഭാഗത്തിന്റെ തലവനായ ശ്രീ.നേഥൻ സിംഗിനെ തീവ്രവാദികൾ തട്ടിക്കൊണ്ടു പോയ സംഭവത്തെ ഞങ്ങൾ ശക്തമായി അപലപിക്കുകയാണ്.

ബാഹ്യ പ്രേരക ശക്തികളുടെ നിർദേശങ്ങൾക്കനുസൃതമായി ന്യൂനപക്ഷ സമൂഹത്തിലെ അംഗങ്ങളെ ലക്ഷ്യം വയ്ക്കുന്നതും വേട്ടയാടുന്നതും വളരെയധികം ആശങ്ക തോന്നേണ്ട വസ്തുതയാണ്.

അഫ്ഘാനിസ്ഥാനിലെ ന്യൂന പക്ഷ സമൂഹങ്ങളുടെ സുരക്ഷയും സംരക്ഷണവും ക്ഷേമവും ഉറപ്പാക്കുന്നതിന് ഇന്ത്യ അഫ്ഗാനിസ്ഥാൻ ഭരണകൂടവുമായി സമ്പർക്കം പുലർത്തുന്നതാണ്. ശ്രീ.നേഥൻ സിംഗിനെ എത്രയും പെട്ടന്ന് സുരക്ഷിതമായി മോചിപ്പിക്കാൻ അഫ്ഘാനിസ്ഥാൻ ഭരണകൂടത്തിന് കഴിയട്ടെ എന്ന് ഞങ്ങൾ പ്രത്യാശിക്കുകയാണ്."

ന്യൂ ഡൽഹി
**22 ജൂൺ, 2020**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.